**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6433** **10-07-2024 - ൽ മറുപടിയ്ക്ക്**

**കൈരളി, ശ്രീ തിയേറ്ററുകളുടെ സിവിൽ ജോലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2016-17 മുതൽ നാളിതുവരെ തിരുവനന്തപുരം കൈരളി, ശ്രീ തിയേറ്ററുകളുടെ സിവിൽ ജോലികളുടെ അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കുമോ; കരാറുകാരന് സിവിൽ ജോലികൾക്കായി ആകെ എത്ര തുക നൽകിയിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ? | (എ) | തിരുവനന്തപുരം കൈരളി, ശ്രീ, നിള തീയേറ്ററുകൾ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് നവീകരണ പ്രവൃത്തികൾ നടത്തിയതിന്റെ ഭാഗമായുള്ള സിവിൽ ജോലികളുടെ അടങ്കൽ തുക 2,06,32,295/- (രണ്ടു കോടി ആറ് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ മാത്രം) രൂപയും കരാറുകാരന് സിവിൽ ജോലികൾക്കായി നാളിതുവരെ നൽകിയ തുക 3,11,05,739/- (മൂന്ന് കോടി പതിനൊന്ന് ലക്ഷത്തി അയ്യായിരത്തി എഴുന്നൂറ്റി മുപ്പത്തി ഒൻപത് രൂപ മാത്രം) രൂപയുമാണ്. സിവിൽ ജോലികൾ ഒറ്റ ഇനമായിട്ടാണ് കണക്കാക്കുന്നത്. സിവിൽ ജോലികളുടെ അധികരിച്ചുള്ള എസ്റ്റിമേറ്റിന് 01.02.2023 ലെ സ.ഉ.(സാധാ)നം.53/2023/ സാം.കാ.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ